# കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ നടക്കുന്ന എല്ലാവിധ കുടിയൊഴിപ്പിക്കലുകളും വികസന പദ്ധതികളുടെ പേരിൽ നടക്കുന്ന സർവേകളും അടിയന്തിരമായി നിർത്തി വയ്ക്കുക

### സാമൂഹ്യപ്രവർത്തകർ മുഖ്യമന്ത്രിക്ക് നൽകിയ നിവേദനം

കോവിഡ് 19 വ്യാപനത്തെ തുടർന്ന് രാജ്യം ആരോഗ്യ അടിയന്തിരാവസ്ഥ നേരിടുമ്പോൾ വികസന പദ്ധതികളുടെയും മറ്റു നിയമ നടപടികളുടെയും പേരിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കുടിയൊഴിപ്പിക്കലുകളും ഭൂമിയേറ്റെടുക്കൽ സർവ്വേകളും അടിയന്തിരമായി നിർത്തിവയ്ക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞങ്ങൾ ആവശ്യപ്പെടുകയാണ്. രോഗഭീതിയും, തൊഴിലില്ലായ്മയും അതുമൂലമുണ്ടായ സാമ്പത്തിക പ്രശ്നങ്ങളും സാമൂഹിക ജീവിതം സാധ്യമാകാത്തതിന്റെ മാനസിക സംഘർഷങ്ങളും നിലതെറ്റിച്ച നിരാലംബരായ മനുഷ്യരെ തെരുവിലേക്കിറക്കി വിടുന്നത് യാതൊരു തരത്തിലും നീതീകരിക്കാവുന്നതല്ല. മാത്രമല്ല, സംസ്ഥാനത്തു സാമൂഹിക വ്യാപന ഭീഷണി നിലനിൽക്കുമ്പോൾ കേരളത്തിലെ മുഴുവൻ ജനങ്ങളെയും പോലീസിനെയും സർക്കാർ ഉദ്യോഗസ്ഥരെയും ഈ രോഗത്തിൽ നിന്നും അതിന്റെ സാഹചര്യങ്ങളിൽ നിന്നും സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം സർക്കാരിനുണ്ട്.

തിരുവനന്തപുരത്തു ആറ്റിപ്രയിൽ മേൽപ്പറഞ്ഞ പ്രശ്നങ്ങളിൽപ്പെട്ട് കഴിഞ്ഞിരുന്ന ആറു ദളിത് കുടുംബങ്ങളെയാണ് (സ്ത്രീകളും കുട്ടികളും വൃദ്ധരുമടക്കമുള്ള നാല്പതിലേറെ മനുഷ്യർ) സർക്കാർ ഉദ്യോഗസ്ഥർ ബലമായി തെരുവിലേക്കിറക്കി വിട്ടത്. നീതിയേക്കാൾ ന്യായവിധികളെ ഉയർത്തിപ്പിടിച്ച് പോലീസും റവന്യൂ ഉദ്യോഗസ്ഥരും കാണിച്ച അമിതാവേശവും അക്രമവും സംസ്ഥാനത്തിന് മൊത്തത്തിൽ നാണക്കേടുണ്ടാക്കുന്നതാണെന്ന് മാത്രമല്ല ക്രൂരവും ജനാധിപത്യവിരുദ്ധവുമാണ്. എൻ.എച്ച് 66 വികസനത്തിന്റെയും KRAIL (Silver Line) ന്റെയും ക്വാറികളുടേയും പുതുവൈപ്പിനിലെ ഐ ഓ സിയുടെയും ആലപ്പാട്ടെയും തോട്ടപ്പിള്ളിയിലെയും കരിമണൽ ഖനനത്തിന്റെയും കാര്യങ്ങളിൽ ഇതേ ജനവിരുദ്ധ നിലപാട് തന്നെയാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ജനങ്ങളുടെ അഭിപ്രായങ്ങളും പ്രതിഷേധങ്ങളും കണക്കിലെടുക്കാതെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ ജനാധിപത്യ വിരുദ്ധവും പൗരാവകാശ ലംഘനവും തന്നെയാണ്.

കൊറോണയുടെ വ്യാപനം തടയുന്നതിനായി സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു ജനങ്ങൾ വീട്ടിലിരിക്കുമ്പോൾ പോലീസുകാരും റവന്യൂ ഉദ്യോഗസ്ഥരും അവരുടെ സിൽബന്ധികളും പാൻഡമിക് നിയമങ്ങളെ ദുരുപയോഗം ചെയ്തുകൊണ്ട് സർവേകളും കുടിയൊഴിപ്പിക്കലുകളും തുടരുകയാണ്. ജനങ്ങളുടെ അഭ്യർത്ഥനകൾ മാനിക്കാതെ മുഴുവൻ സുരക്ഷാ മാനദണ്ഡങ്ങളും കാറ്റിൽ പറത്തിക്കൊണ്ട് ഗേറ്റ് ചാടിക്കടന്ന് ഒരു ഡെപ്യൂട്ടി കലക്ടറും പോലീസും അതിസാഹസം കാണിച്ചതും അതിൽ പ്രതിഷേധിച്ച ഭിന്നശേഷിക്കാരനായ ഒരു വീട്ടുടമസ്ഥനെ പോലീസ് ക്രൂരമായി മർദ്ദിക്കുന്നതും മാധ്യമങ്ങളിലൂടെ നമ്മളെല്ലാം കണ്ടതാണ്. കൊറോണയുടെ പശ്ചാത്തലത്തിൽ ജനങ്ങളുടെ സുരക്ഷിതത്വവും പുനരധിവാസവും ഉറപ്പുവരുത്താതെ ഇതേ നിലപാടുകൾ സർക്കാർ തുടരുകയാണെങ്കിൽ ജനങ്ങൾ ശക്തമായ പ്രതിഷേധങ്ങളുമായി മുന്നോട്ടു വരികയും അത് കൂടുതൽ പ്രശ്നങ്ങളിലേക്ക് നീങ്ങുകയും ചെയ്യും.



തിരുവനന്തപുരം ആറ്റിപ്ര സമരം

അതുകൊണ്ടു ഇത്തരമൊരു സാമൂഹിക സാഹചര്യത്തിൽ സർക്കാർ കുറച്ചുകൂടി ഉത്തരവാദിത്വത്തോടെ പെരുമാറണമെന്നും ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകണമെന്നും ജനങ്ങളെ തെരുവിലേക്കിറക്കി വിടുന്ന കൂടുതൽ മാനസിക സംഘർഷത്തിലേക്ക് തള്ളിവിടുന്ന നടപടികളിൽ നിന്ന് അടിയന്തിരമായി പിന്മാറണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■